പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2376

23/03/2012-ൽ മറുപടിക്ക്

## കണ്ടിൻജന്റ് ജീവനക്കാർക്ക് ഭവനവായ്പാ സംവിധാനം

**ചോദ്യം**

ശ്രീ. കെ. ദാസൻ.

എ). നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും കണ്ടിൻജന്റ് വിഭാഗം ജീവനക്കാർക്ക് നിലവിൽ സർക്കാർ ഭവന വായ്പ സംവിധാനമുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

ബി) 2007-ലെയും 2011-ലെയും ശമ്പളപരിഷ്കരണ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്പ്രകാരം ഈ വിഭാഗം ജീവനക്കാർക്ക് ഭവന വായ്പയും ധനസഹായവും ലഭ്യമാക്കുന്നതിന് നഗരസഭാ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

സി) ഈ വിഭാഗം ജീവനക്കാരുടെ ഭവന നിർമ്മാണമുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് അനുകൂലമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി,
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി)

(എ), ബി) & സി) നഗരസഭ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിച്ച് പുറപ്പെടുവിച്ച 25/8/2011 ലെ സ.ഉ.(കൈയ്യെഴുത്ത്) നം.200/11/തസ്വഭവ. ഉത്തരവ് പ്രകാരം ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭവനനിർമ്മാണ/ വാഹനവായ്പ കണ്ടിജന്റ് തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന കാര്യം അതത് നഗരസഭകൾ പരിഗണിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭാ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് ഭവന വായ്പ അതത് നഗരസഭാ കൗൺസിലുകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ തലത്തിൽ തന്നെ നടപടി സ്വീകരിക്കാവുന്നതാണ്. നഗരസഭകൾ ഇപ്രകാരം കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭവനവായ്പ നൽകിവരുന്നുണ്ട്. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അതത് നഗരസഭാ കൗൺസിലുകൾക്ക് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

സെക്ഷൻ ഓഫീസർ